# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 11-07-2009 മുതൽ 17-07-2009 വരെ)

## 28 കിലോ കഞ്ചാവുമായി 6 പേർ അറസ്റ്റിൽ

13-7-2009 തീയതി രാവിലെ 9.30 മണിയോടുകൂടി കൊച്ചി നഗരത്തിൽ വില്പനക്കായി കൊണ്ടുവന്ന 28 കിലോ കഞ്ചാവുമായി ഒരു സ്ത്രീയടക്കം ആറംഗ സംഘത്തെ എറണാകുളം നോർത്ത് പോലീസ് കല്ലൂർ ഭാഗത്ത് നിന്നും അറസ്റ്റ് ചെയ്തു. ഇടുക്കി രാജക്കാട് സ്വദേശികളായ അനീഷ്, ബിജു, ഷിബു, അനീഷ്, , ഷിമോൺ എന്നിവരും ഒരു സ്ത്രീയുമാണ് പിടിയിലായത്.

(Cr. 1296/09, EKM C, Ernakulam North PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Suneesh Babu CI, HCs 7841, 8062, 8097 PCs 8509, 9320, 10824, DVR PC 10180, WPC 1004.

## മോഷണം, ബലാത്സംഗം ; 4 പേർ അറസ്റ്റിൽ

5.6.2009 രാത്രി കല്പകഞ്ചേരി കുന്നത്ത് വീട്ടിൽ അതിക്രമിച്ച് കയറി പരേതനായ മുഹമ്മദ് കുട്ടിയുടെ ഭാര്യ സുബൈദയെ ബലാത്സംഗം ചെയ്തശേഷം ഏഴര പവൻ സ്വർണ്ണവുമായി കടന്നുകളഞ്ഞ നാലംഗ സംഘമായ അമീർ, സി.വി സമീർ, ശിവ, സാദിക് എന്നിവരെ 16.7.2009 ഉച്ചക്ക് 2 മണിയോടുകൂടി കൊളപ്പുറം ഭാഗത്ത്നിന്നും കല്പകഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തു.

(Cr. 218/09, MPM, Kalpakancherry PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Abdul Kareem, DySP, Tirur, Sri. K.M Sulaiman CI, Sri. P.M Gopakumar SI, Gr.ASIs 1913, 1948, HCs 2751, GHC 3143, PCs 3227, 4437, 3406, 4256, WPC 4496

## പാണത്തൂർ ക്ഷേത്രത്തിലെ വിഗ്രഹ കവർച്ച ; ഒരാൾ അറസ്റ്റിൽ

3.7.2009 ന് കാസർഗോഡ് ജില്ലയിലെ പാണത്തൂരിൽ കാഞ്ഞിരത്തിങ്കൽ അയ്യപ്പ ക്ഷേത്രത്തിലെ അഞ്ച് കിലോ തൂക്കം വരുന്ന പഞ്ചലോഹ വിഗ്രഹവും മൂന്ന് പവന്റെ തിരുവാഭരണവും അരകിലോ തൂക്കംവരുന്ന വെള്ളി കിരീടവും മോഷ്ടിച്ച കേസിലെ പ്രതി കണ്ണൂർ തളിപ്പറമ്പ് സ്വദേശി ജോസ്ഗിരി മുണ്ടക്കൽ വീട്ടിൽ ജോബിയെ പോലീസിനുകിട്ടിയ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 14.7.2009 ന് രാത്രി 8.45 മണിയോടുകൂടി എറണാകുളം സൗത്ത് ഓവർ ബ്രിഡ്ജിന് സമീപത്തുനിന്നും എറണാകുളം സെൻട്രൽ പോലീസ് അറസ്റ്റ് ചെയ്തു.

(Cr. 1577/09, EKM C, Ernakulam Central PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. G. Venu CI, HC 8045, PCs 8251, 8690

## 1050 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു ; 3 പേർ അറസ്റ്റിൽ

ആര്യനാട് പോലീസിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 15.7.2009 ന് വൈകി 8 മണിയോടുകൂടി ആര്യനാട് ഹൗസിംഗ് ബോർഡ് ജംഗ്ഷന് സമീപത്തുനിന്നും ഒരു ഗുഡ്സ് ഓട്ടോയിൽകൊണ്ടുവന്ന 1050 ലിറ്റർ സ്പിരിറ്റ് പോലീസ് പിടിച്ചെടുത്തു. എഡ്വിൻ ശ്യാം, ബാബു, അജയൻ എന്നിവരെ കസ്റ്റഡിയിലെടുത്തു

(Cr. 450/09, TVM RL, Aryanad PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. A.K Shanikhan CI, Sri. S Ajayakumar SI,Ramachandran Nair ASI, GASI 5988, GHCs 7681, 9649 ,PC 9772

**മോഷണ കേസിലെ പ്രതി പിടിയിൽ**

15-7-2009 വൈകുന്നേരം ചങ്ങനാശ്ശേരി പോലീസ് പട്രോൾ ഡ്യൂട്ടി നോക്കിവരവെ സംശയാസപ്ദമായ സാഹചര്യത്തിൽ കാണപ്പെട്ട ചങ്ങനാശ്ശേരി മാടപ്പള്ളി സ്വദേശി സജിയെ കസ്റ്റഡിയിലെടുത്ത് വിശദമായി ചോദ്യം ചെയ്തതിൽ ടിയാൻ 29.12.07 ൽ സി.വി ജോസഫ് എന്നയാളുടെ കാറിൽനിന്നും ആഭരണങ്ങളും കറൻസിയും ഉൾപ്പെടെ 6,25,000/- രൂപ കവർന്ന കേസിലെ പ്രതിയാണെന്ന് വെളിവാകുകയും തുടർന്നുള്ള അന്വേഷണത്തിൽ ടി കേസിലെ രണ്ടാം പ്രതിയായ വേണുകുട്ടനെയും അറസ്റ്റ് ചെയ്യാൻ സാധിച്ചു.

(Cr.Nos. 790/07 & 496/09, KTYM Changanassery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.V.A Nishadmon SI,, Vijayan ASI, HC 5317